പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5971 — 04/07/2019-ൽ മറുപടിക്ക്

## ടെറ്റ് യോഗ്യത

**ചോദ്യം**

ശ്രീ.വി.അബ്ദുറഹിമാൻ:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ടെറ്റ് യോഗ്യത നേടിയതിനുശേഷം ഏഴ് വർഷത്തിനുള്ളിൽ സർവ്വീസിൽ കയറിയില്ലെങ്കിൽ വീണ്ടും സി-ടെറ്റ് യോഗ്യത നേടിയാലേ ജോലിക്ക് അപേക്ഷിക്കാൻ കഴിയൂ എന്ന നിയമം കെ-ടെറ്റ്-നും ബാധകമാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ (എൻ.സി.റ്റി.ഇ) മാർഗനിർദേശങ്ങൾക്ക് അനുസൃതമായാണ് സംസ്ഥാനങ്ങളിൽ TET പരീക്ഷ നടത്തുന്നത്. കേരളത്തിൽ കെ-ടെറ്റ് പരീക്ഷയും ഈ മാർഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെയാണ് നടത്തുന്നത്. 11-2-2011 ലെ കത്ത് നം. 76-4/2010/NCTE/Acad പ്രകാരം എൻ.സി.റ്റി.ഇ സെക്രട്ടറി പുറപ്പെടുവിച്ച TET പരീക്ഷാ ഗൈഡ് ലൈനിലെ ഖണ്ഡിക 11-ൽ പറയുന്നത് "അദ്ധ്യാപക നിയമനങ്ങൾക്കുള്ള TET പരീക്ഷാ സർട്ടിഫിക്കറ്റിന്റെ സാധുതാകാലയളവ് (Validity period) പരമാവധി 7 വർഷം എന്നതിന് വിധേയമായി അതത് സർക്കാരുകൾക്ക് തീരുമാനിക്കാം" എന്നാണ്. കേരളത്തിന്റെ കെ-ടെറ്റ് പരീക്ഷാ സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടില്ല. ആയതിനാലാണ് TET പരീക്ഷാ സർട്ടിഫിക്കറ്റിന്റെ പരമാവധി സാധുതാ കാലയളവായ 7 വർഷം കെ-ടെറ്റ് സർട്ടിഫിക്കറ്റിനും ബാധകമാകുന്നത്. |
| (ബി) 2012 ഓഗസ്റ്റിൽ കെ-ടെറ്റ് യോഗ്യത നേടിയവരുടെ ഏഴു വർഷ കാലാവധി ഓഗസ്റ്റിൽ തീരുന്നതിനാൽ പ്രസ്തുത യോഗ്യത വച്ച് ഒരു പരീക്ഷ പോലും അവർക്ക് എഴുതാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) എൽ.പി സ്കൂൾ ടീച്ചർ നിയമനങ്ങൾക്കും യു.പി സ്കൂൾ നിയമനങ്ങൾക്കും പി.എസ്.സി 2014 ൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്. അക്കാലയളവിനുള്ളിൽ കെ-ടെറ്റ് നേടിയ ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത കാലയളവിലെ നോട്ടിഫിക്കേ |

(സി) മേൽ സൂചിപ്പിച്ച വിഷയത്തിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ അവഹേളിക്കപ്പെടാത്തവിധം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

ഷനുകൾ പ്രകാരം അപേക്ഷിച്ച് പരീക്ഷ എഴുതാനുള്ള അവസരം ലഭ്യമായിരുന്നു.

സെക്ഷൻ ഓഫീസർ